**പതിമൂന്നാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**
**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 51**
**11.06.2012 ലെ മറുപടിയ്ക്ക്**

**കോൺട്രിബ്യൂട്ടറി പെൻഷൻ പദ്ധതി**

ചോദ്യം.
**ശ്രീ. കെ.രാധാകൃഷ്ണൻ**

ഉത്തരം
**ശ്രീ. ഉമ്മൻ ചാണ്ടി**
**ബഹു.മുഖ്യമന്ത്രി**

| | | |
|---|---|---|
| എ | സംസ്ഥാന സർക്കാർ ജീവനക്കാർക്ക് നിലവിലുള്ള പെൻഷൻ പദ്ധതിക്കു പകരം കോൺട്രിബ്യൂട്ടറി പെൻഷൻ പദ്ധതി നടപ്പിലാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് കേന്ദ്ര ധനകാര്യ മന്ത്രിയുടെ കത്ത് ലഭിച്ചിട്ടുണ്ടോ; | ഉണ്ട് |
| ബി | എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | ഇന്ത്യയിൽ NPS - നടപ്പിലാക്കാത്ത മൂന്ന് സംസ്ഥാനങ്ങളിൽ ഒരെണ്ണം കേരളമാണെന്നും RBI യുടെ റിപ്പോർട്ടനുസരിച്ച് കേരളത്തിന്റെ പെൻഷൻ ബാധ്യത 2001-02 സാമ്പത്തിക വർഷത്തിലെ 1838 കോടിയിൽ നിന്നും 2010-2011 ൽ 5426 കോടിയായി വർദ്ധിച്ചിരിക്കുന്ന സാഹചര്യത്തിൽ NPS ഒരു പങ്കാളിത്ത സംരംഭമായതിനാൽ പെൻഷൻ ബാധ്യത കുറച്ച്, സംസ്ഥാനത്തിന്റെ വിവിധ വികസന പ്രവർത്തനങ്ങളിലേയ്ക്ക് ഫണ്ട് വിനിയോഗിക്കാനും അതിൻ പ്രകാരം വളർച്ചാ നിരക്ക് വർദ്ധിപ്പിക്കാനും സാധിക്കുമെന്നും ആയതിനാൽ NPS സ്കീം സംസ്ഥാനത്തും നടപ്പിലാക്കണമെന്നും ബഹു.കേന്ദ്ര ധനമന്ത്രി ശുപാർശ ചെയ്തിരിക്കുന്നു. |
| സി | കത്തിൽ ആവശ്യപ്പെട്ട പ്രകാരം നിലവിലുള്ള പെൻഷൻ പദ്ധതിയിൽ മാറ്റം വരുത്തുന്നതിന് എന്തെങ്കിലും നടപടികൾ ആരംഭിച്ചിട്ടുണ്ടോ; | ഇല്ല |
| സി | എങ്കിൽ അതിന്റെ വിശദാംശങ്ങൾ പറയാമോ; | ബാധകമല്ല |
| ഡി | സംസ്ഥാന ജീവനക്കാർക്ക് കോൺട്രിബ്യൂട്ടറി പെൻഷൻ പദ്ധതി നടപ്പിലാക്കുന്നത് സംബന്ധിച്ച് സംസ്ഥാന സർക്കാരിന്റെ നയം വെളിപ്പെടുത്താമോ? | ഇപ്പോൾ പരിഗണനയിലില്ല. |

Vijayamma KS

**സെക്ഷൻ ഓഫീസർ**